"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ശ്രീമതി രമ്യ.എൻ.കെ.(പെൻ-812402), അസിസ്റ്റന്റ് എഞ്ചിനീയർ ഫയൽ ചെയ്ത O.A. (EKM) നമ്പർ 1257/2026 - അന്തിമ ഉത്തരവ് - പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.1982/2026/LSGD തീയതി,തിരുവനന്തപുരം, 23-10-2026

---

പരാമർശം:-

1. 25-02-2017 ലെ സ.ഉ.(സാധാരണ) നം. 03/2017/ഉ.ഭ.പ.വ.
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 20.08.2026-ലെ LSGD/PD/24968/2026-DEA4 നമ്പർ നടപടിക്രമം.
3. O.A. (EKM) നം. 1257/2026-ന്മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 31.08.2026-ൽ പുറപ്പെടുവിച്ച അന്തിമ ഉത്തരവ്.
4. ശ്രീമതി. രമ്യ എൻ കെ സമർപ്പിച്ച 03.09.2026 തീയതിയിലെ അപ്പീൽ
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.10.2026-ലെ LSGD/PD/24968/2026-DEA4 നമ്പർ നടപടിക്രമം.

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി രമ്യ എൻ.കെ.-യെ (പെൻ-812402) പരാമർശം (2) പ്രകാരം കോഴിക്കോട് ജില്ലയിലെ നരിക്കുനി ഗ്രാമ പഞ്ചായത്തിൽ നിന്നും മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് സ്ഥലംമാറ്റി നിയമിയ്ക്കുകയുണ്ടായി. പ്രസ്തുത സ്ഥലംമാറ്റ ഉത്തരവിനെതിരെ ശ്രീമതി രമ്യ.എൻ.കെ. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, എറണാകുളം മുൻപാകെ ഫയൽ ചെയ്ത OA(EKM)1257/2026 നമ്പർ കേസിൽ ഒന്നാം എതിർ കക്ഷി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും, രണ്ടാം എതിർ കക്ഷി തദ്ദേശ സ്വയംഭരണ

വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുമാണ്.

2. 2020 മുതൽ 2026 വരെയുള്ള കാലയളവിനുള്ളിൽ തനിയ്ക്ക് ഇതുവരെ ഏഴ് സ്ഥലംമാറ്റ ഉത്തരവുകൾ നൽകിയിട്ടുണ്ടെന്നും, നിലവിലെ സ്റ്റേഷനായ കോഴിക്കോട് ജില്ലയിലെ നരിക്കുനി ഗ്രാമപഞ്ചായത്തിൽ 1 വർഷവും 9 മാസവും മാത്രമാണ് താൻ സേവനം പൂർത്തിയാക്കിയിട്ടുള്ളതെന്നും പ്രസ്തുത കേസിൽ അപേക്ഷക പ്രസ്താവിച്ചിട്ടുണ്ട്. പരാമർശം (2) പ്രകാരമുള്ള ടിയാളുടെ സ്ഥംമാറ്റം, പരാമർശം (1)-ന്റെ ഖണ്ഡിക 10, ഉപഖണ്ഡിക (xi) പ്രകാരം നിശ്ചയിച്ചിട്ടുള്ള മുൻഗണനകളുടെ ലംഘനമാണെന്നും ആരോപിച്ചിരുന്നു.

3. ശ്രീമതി രമ്യ എൻ.കെ ഫയൽ ചെയ്ത O.A. (EKM) നമ്പർ 1257/2026 കേസ് പരിഗണിച്ച ബഹു.ട്രൈബ്യൂണൽ 31.08.2026-ൽ പരാമർശം (3) അന്തിമ ഉത്തരവ് പുറപ്പെടുവിച്ചു. അപേക്ഷക രണ്ടാം എതിർകക്ഷി മുൻപാകെ ഒരു അപ്പീൽ സമർപ്പിച്ചിട്ടുണ്ടെന്നും, അന്തിമ ഉത്തരവ് തീയതി മുതൽ 7 ദിവസത്തിനുള്ളിൽ അത്തരം ഒരു അപ്പീൽ ലഭിക്കുകയാണെങ്കിൽ, അപേക്ഷകയ്ക്ക് വാദം കേൾക്കാൻ അവസരം നൽകിക്കൊണ്ടും, അവർ ഉന്നയിച്ചിട്ടുള്ള അനുകമ്പാർഹമായ കാരണങ്ങളും, കഴിഞ്ഞ ആറ് വർഷത്തിനുള്ളിൽ അവർക്ക് ഏഴ് തവണ സ്ഥലംമാറ്റം ലഭിച്ചിട്ടുണ്ട് എന്ന വസ്തുതയും പരിഗണിച്ചുകൊണ്ട്, ഒന്നാം എതിർകക്ഷി ആറ് ആഴ്ചയ്ക്കുള്ളിൽ അതിന്മേൽ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്ന് അന്തിമ ഉത്തരവിൽ നിർദ്ദേശം നൽകിക്കൊണ്ട് ബഹു.ട്രൈബ്യൂണൽ ഒറിജിനൽ ആപ്ലിക്കേഷൻ തീർപ്പാക്കുകയുണ്ടായി.

4. അന്തിമ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള, ശ്രീമതി രമ്യ.എൻ.കെ. സമർപ്പിച്ച പരാമർശം (4) അപ്പീൽ 16.09.2026-ൽ ആണ് ലഭിച്ചത്. ബഹു. ട്രൈബ്യൂണൽ നിർദ്ദേശത്തിന്റെ ഭാഗമായി ശ്രീമതി രമ്യ എൻ.കെ.-യെ പ്രിൻസിപ്പൽ ഡയറക്ടർ ഓഫീസിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂബി) വകുപ്പ് അണ്ടർ സെക്രട്ടറി 25.09.2026-ൽ നേരിൽ കേൾക്കുകയുണ്ടായി. നിലവിലെ സ്ഥലംമാറ്റത്തെ തുടർന്ന് നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിൽ 6.09.2026-ൽ ജോലിയിൽ പ്രവേശിച്ച ശേഷം ആരോഗ്യ പ്രശ്നങ്ങൾ കാരണം താൻ ലീവിലാണെന്ന് നേരിൽ കേട്ട വേളയിൽ ശ്രീമതി രമ്യ.എൻ.കെ. അറിയിച്ചു. തന്റെ അപ്പീലിൽ പരാമർശിയ്ക്കുന്ന ഓഫീസുകളിൽ എവിടെയെങ്കിലും നിയമിയ്ക്കുവാൻ സാധിയ്ക്കുകയില്ലെങ്കിൽ മാത്രമേ പ്രിൻസിപ്പൽ ഡയറക്ടർ ഓഫീസിലെ ഉദ്യോഗസ്ഥർ നിലവിൽ ഒഴിവുള്ളതായി അറിയിച്ചിട്ടുള്ള കോട്ടൂർ, പേരാമ്പ്ര എന്നീ പഞ്ചായത്തുകളിൽ പരിഗണിയ്ക്കാവൂ എന്നും ടിയാൾ അഭ്യർത്ഥിച്ചു.

5. മേൽ വിഷയം സർക്കാർ പരിശോധിച്ച് വരവെ, ശ്രീമതി രമ്യ.എൻ . കെ. നിയമനം ലഭിയ്ക്കുവാൻ താൽപര്യമുള്ളതായി മേൽ അപ്പീലിൽ അറിയിച്ചിട്ടുള്ള കോഴിക്കോട് ജില്ലയിലെ നൻമണ്ട ഗ്രാമപഞ്ചായത്തിൽ, പരാമർശം (5) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ടിയാൾക്ക് നിയമനം നൽകി ഉത്തരവാകുകയുണ്ടായി.

6. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A. (EKM) നം. 1257/2026 കേസിൻമേലുള്ള പരാമർശം (3) അന്തിമ ഉത്തരവിലെ നിർദ്ദേശം ഇപ്രകാരം പാലിച്ചിരിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഇന്ദു.എസ്.
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ശ്രീമതി രമ്യ.എൻ.കെ.(പെൻ-812402), അസിസ്റ്റന്റ് എഞ്ചിനീയർ.
(തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (EWB2/246/2026-LSGD)

ഉത്തരവിൻ പ്രകാരം
Digitally signed by
Keerthi I P
Date: 24-10-2026
08:59:38
സെക്ഷൻ ഓഫീസർ